ആഗോളവൽക്കരണം

# നമ്മൾ സമ്പന്നരാണ്, വൈവിദ്ധ്യംകൊണ്ട് ജയിക്കാം

ക്ലോഡ് അൽവാരിസ്

**എം.എസ്.എഫ്. കൊണ്ടോട്ടിയിൽ സംഘടിപ്പിച്ച "ആഗോളവൽക്കരണം-ഇരകളുടെ ശബ്ദം" എന്ന സമ്മേളനത്തിലെ ഉൽഘാടന പ്രസംഗത്തിന്റെ സംഗ്രഹം**

ആഗോളവൽക്കരണം എന്ന് ഇന്നു നാം പറയുന്നതിന്റെ ആരംഭം 1498 ൽ വാസ്കോഡഗാമ കോഴിക്കോട് കപ്പലിറങ്ങിയപ്പോഴാണുണ്ടായത്. അത് സാമ്രാജ്യത്വമായി വളർന്നു. ഇന്നത് ലോക വ്യാപാരസംഘടനയും ഗാട്ട് കരാറുമൊക്കെയായി വളർന്നിരിക്കുന്നു. ഈ ലോക വ്യാപാര സംഘടന എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിന്റെ ശരിയായ സത്യം മനസ്സിലാക്കിയവർ ലോകത്താകെത്തന്നെ വളരെക്കുറച്ചെയുള്ളൂ. ആൽബർട്ട് ഐൻസ്റ്റീന്റെ ആപേക്ഷികതാ സിദ്ധാന്തം പോലെയാണിത്. വെള്ളക്കാർ എക്കാലത്തും വളർന്നത് ഒരു വിഭാഗത്തെ ഇരകളാക്കിക്കൊണ്ടാണ്. ആദ്യം സ്വന്തം നാട്ടുകാരെ ചൂഷണം ചെയ്തു. അതുപോരാതെ വന്നപ്പോഴാണ് നമ്മുടെ നേരെ വന്നത്. ഇത് യൂറോപ്പിന്റെ ചരിത്രം നോക്കിയാൽ കാണാം. ഏറ്റവുമൊടുവിൽ അമേരിക്കയിലെത്തിയ വെള്ളക്കാർ അവർ സ്വന്തം നാട്ടിൽ നിന്നും പുറത്താക്കപ്പെട്ട ഇംഗ്ലീഷുകാരായിരുന്നു. അമേരിക്കയിലെ തദ്ദേശീയരെ കൂട്ടക്കൊല ചെയ്താണല്ലോ അവിടെ സാമ്രാജ്യത്വം ഉയർത്തിയത്. അതുകൊണ്ട് നമ്മൾ ഏതുതരത്തിലുള്ള ഇരകളാകും എന്നറിയണമെങ്കിൽ യൂറോപ്പിന്റെ ചരിത്രം നോക്കണം. അവിടെ ഇന്നു നിലവിലുള്ള സമൂഹം ഇരകളാണ്. ഹോളണ്ടിൽ പത്തുവർഷവും മറ്റു പല യൂറോപ്യൻ രാജ്യങ്ങളിലും കുറച്ചു കാലവും താമസിച്ചതിന്റെ അനുഭവത്തിൽ നിന്നും ഉറപ്പായി പറയാവുന്ന ചില കാര്യങ്ങളുണ്ട്. ഏറ്റവുമധികം അപമാനവീകരണം നടന്ന സമൂഹം യൂറോപ്പിലാണ്. അതാണ് 'വികസിത സമൂഹം' എന്നവർ പറയുന്നത്. അവിടെ ബഹുരാഷ്ട്ര കമ്പനികൾ തൊഴിലാളികളെ 'അടിമകളായാണ്' കാണുന്നത്. വ്യക്തി - കുടുംബ ബന്ധങ്ങൾ നിലനിൽക്കുന്നതേയില്ല. സ്ത്രീകൾ സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും മുമ്പന്തിയിലാണെന്നു പറയുന്ന സ്വീഡനിലാണ് ലോകത്തിലേറ്റവുമധികം ഭാര്യാപീഡനം നടക്കുന്നത്.



വെള്ളക്കാർ സമ്പന്നരാണെന്നാണ് അവരെപ്പോലെ നമ്മളും കരുതുന്നത്. കാറ്, വീട്, വസ്ത്രങ്ങൾ, തൊഴിൽ, വരുമാനം ഇവയൊക്കെയാണ് സമ്പന്നതയുടെ ലക്ഷണമായി കണക്കാക്കുന്നത്. ഇന്ത്യയാണെങ്കിൽ ദരിദ്ര രാജ്യമായിട്ടും. എന്നാൽ സത്യമെന്താണ്. ഭക്ഷണത്തോടുള്ള സമീപനം തന്നെ നോക്കുക. ഒരു യൂറോപ്യന്റെ വീട്ടിലേക്ക് മുൻകൂട്ടി അറിയിക്കാതെ നാം കയറിച്ചെന്നാൽ നമുക്ക് അവിടെ നിന്നും ഭക്ഷണം കിട്ടില്ല, പലപ്പോഴും കാപ്പിപോലും. നാം ചെന്നാൽ തിരിച്ചു പോരുന്നതുവരെ അവർ ഭക്ഷണം കഴിക്കാതെയിരിക്കും. എന്നാൽ നമ്മുടെ നാട്ടിലോ ? എത്ര ദരിദ്രവാസികളാണെങ്കിലും ഒരാൾ വീട്ടിൽ വന്നാൽ എന്തെങ്കിലും ഭക്ഷണം നാമവർക്കു നൽകും. ഉള്ളത് പങ്കുവെച്ച് കഴിക്കും. ഇതിൽ നിന്നും ആരാണ് സമ്പന്നർ ആരാണ് ദരിദ്രർ എന്നു നമുക്ക് കാണാം. അവർക്ക് ഹൃദയമില്ലെന്നോ ഉള്ളത് ചെറിയ ഹൃദയമാണെന്നോ പറയാം. തമിഴ്നാട്ടിൽ വിശക്കുന്ന സമീപവാസികൾക്കെല്ലാം ഭക്ഷണം നൽകാതെ അത്താഴം കഴിക്കാത്ത വീട്ടുകാരുണ്ട്.

ഭക്ഷണത്തിലെ വൈവിധ്യം കൊണ്ടും നാമെത്ര സമ്പന്നരാണ് ? ഇന്ത്യയിലെ ഓരോ പ്രദേശത്തും എത്ര വ്യത്യസ്തമായ ഭക്ഷണ രീതികളുണ്ട്. എന്നാൽ സമ്പന്നമാണെന്നു പറയുന്ന യൂറോപ്യന്മാർക്കും അമേരിക്കക്കാർക്കും (ഇതിൽ ഫ്രാൻസ് മാത്രമാണ് അൽപം വ്യത്യസ്തം) രണ്ടോ മൂന്നോ ഭക്ഷണം മാത്രം. അതും ബഹുരാഷ്ട്ര കമ്പനികൾ ഉണ്ടാക്കുന്ന 'ജങ്ക്' ഭക്ഷണം (പുറത്തേക്കെറിയുന്നതും ഒരു വ്യത്യസ്തമായ പോഷകസ്വഭാവമില്ലാത്തതുമാണ് ജങ്ക്).

വൈവിധ്യമാസ്വദിക്കാനുള്ള സമ്പന്നത നമുക്കാണ്. സമ്പത്തെന്നാൽ പണമല്ല, കറൻസിയല്ല. ഡോളറും യൂറോയും കൊണ്ട് ജീവിക്കാനാവില്ല. അതിന് ജൈവഘടകങ്ങൾ വേണം. അത് പണം കൊണ്ടു കിട്ടില്ല.

ഒഴിവു സമയം ഒരു സമ്പത്താണ്. യഥാർത്ഥ ധനികന് സ്വന്തം കുടുംബത്തിനും സമൂഹത്തിനും വേണ്ടി ചിലവാക്കാൻ സമയം വേണം. പക്ഷെ ഇന്ന് അതിസമ്പന്നർ എന്നു പറയുന്നവർക്ക് എപ്പോഴും തിരക്കാണ്. പണത്തിനും സ്ഥാനത്തിനും പ്രശസ്തിക്കും വേണ്ടിയുള്ള പരക്കം പാച്ചിൽ മാത്രം! ബഹുരാഷ്ട്രകമ്പനികളുടെ സമീപനമനുസരിച്ച് ദിവസത്തിൽ 24 മണിക്കൂറും ജോലി സമയമാണ്. തിരക്കും പിരിമുറുക്കവും മൂലം കുടുംബമില്ല, സമൂഹമില്ല. എന്തിന്, സ്വന്തം ആരോഗ്യം പോലുമില്ല. ഒടുവിൽ രോഗം കഠിനമാകുന്നു. ബൈപ്പാസ് നടത്തുന്നു. ഐസിയുവിൽ കിടക്കുന്നു. വായിലും മൂക്കിലും മറ്റു ദ്വാരങ്ങളിലും കുഴലുകൾ കയറ്റി ... ജീവിക്കുന്നുവെന്നത്, ക്ലിനിക്കൽ രേഖകളിൽ മാത്രമാകുന്നു. ഇതെല്ലാം

*(തുടർച്ച പേജ് 42 ൽ)*

(പേജ് 37 ൽ നിന്നുള്ള തുടർച്ച)

കാണിക്കുന്നത് യഥാർത്ഥത്തിൽ അവർ ദരിദ്രരും നാം സമ്പന്നരുമാണെന്നാണ്. പക്ഷെ അവർ ഉയർന്നവരും നാം താഴ്ന്നവരുമാണെന്ന് നമ്മെ ബോദ്ധ്യപ്പെടുത്താനാണവർ ശ്രമിക്കുന്നത്. നാം അവരെ അനുകരിക്കുകയും ചെയ്യുന്നു.

നമ്മുടെ പരമ്പരാഗത ഭക്ഷണരീതികൾ എത്ര മഹത്തരമാണ്. നിങ്ങൾ കേരളീയരുണ്ടാക്കുന്ന 'പായസം' എന്ന ആ മധുരഭക്ഷണത്തിന് ആരെങ്കിലും പരസ്യം നൽകാറുണ്ടോ ? അതു നല്ലതാണെന്ന് നമ്മെ ബോധ്യപ്പെടുത്താൻ സച്ചിനോ ഐശ്വര്യറോയിയോ വേണ്ട. അല്ലാതെതന്നെ നാം ഉണ്ടാക്കി കഴിക്കുന്നു.എന്നാൽ മനുഷ്യ ശരീരത്തിന് ഏറ്റവും അപകടകരമായ കോളകൾ കുടിക്കാൻ ഈ താരങ്ങൾ ഓരോ നാലു മിനിറ്റിൽ ഒരു പ്രാവശ്യമെന്ന രീതിയിൽ, എല്ലാ ദിവസവും നമ്മളോട് പറയുന്നു. കോളകളിലെ കീടനാശിനികളും കറുത്തീയവും കാഡ്മിയവുമൊക്കെ പോട്ടെ. ആ പാനീയത്തിന്റെ പി.എച്ച്. മൂല്യം 2.2 ആണ്. അതായത് ഇത് അതീവ അമ്ള ഗുണമുള്ള പാനീയമാണ്. കുടിവെള്ളത്തിലാണ് ഇത്ര അമ്ളമുള്ളതെങ്കിൽ അതുപയോഗിക്കരുതെന്നു നമ്മൾ പറയും. പക്ഷെ കോള കുടിക്കണമെന്നു പരസ്യം ചെയ്യും. ഈ അമ്ള വെള്ളം വീണാൽ എല്ലാ ചെറുജീവികളും നശിക്കും. വയറിനകത്തു ചെന്നാലും ഇതു തന്നെ. കുടലും ആമാശയവും കരണ്ടുതിന്നും.

പ്രകൃതി നിയമമനുസരിച്ച് ശരീരത്തിന്റെ ധർമ്മം, കാർബൺ ഡൈ ഓക്സൈഡ് പരമാവധി പുറത്തുവിടുകയെന്നതാണ്. ജീവിക്കുന്ന എല്ലാ സമയത്തും ഉച്ഛ്വാസത്തിലൂടെ നാമതു ചെയ്യുന്നു. എന്നാൽ കോള കുടിക്കുമ്പോൾ നാമത് വെള്ളത്തിൽ കലക്കി അകത്താക്കുന്നു. ഇത് പ്രകൃതി വിരുദ്ധമാണ്. മനുഷ്യ വിരുദ്ധമാണ്. ആഗോള സംസ്കാരം വ്യാപിപ്പിക്കുന്ന ടെലിവിഷനടക്കമുള്ള മാദ്ധ്യമങ്ങൾ നമുക്കെതിരെ യുദ്ധം നടത്തുകയാണ്. നമ്മുടെ ജീവിതത്തിൽ അവർ അധിനിവേശം നടത്തുന്നു. 1837 ൽ മെക്കോളെ പ്രഭു ആരംഭിച്ച വിദ്യാഭ്യാസം നാമിന്നും തുടരുന്നതും ഈ അധിനിവേശത്തെ സഹായിക്കലാണ്. ഗുണകരമായി മാറിയില്ലെങ്കിൽ വരുംതലമുറ പോലും രക്ഷപ്പെടില്ല.

# വൻ തിരമാല അടിച്ചുയരുമ്പോൾ കടൽത്തീരത്തു നിൽക്കുന്ന നാം ഉറച്ചു നിൽക്കണം

**നോർമാ അൽവാരിസ്**

ആഗോളവൽക്കരണത്തിന് രണ്ട് അജണ്ടകളുണ്ട്. ഒന്ന് പുറത്തു പറയുന്നതാണ്-ആഗോള ഗ്രാമം, വിഭവങ്ങളും അറിവും സ്നേഹവും പങ്കുവെക്കുന്ന പുറത്തെ അജണ്ട. എന്നാൽ ഇതിന്റെ പിന്നിലെ മറച്ചുവച്ച അജണ്ട. വിവേചനവും ചൂഷണവുമാണ്. ആഗോളതലത്തിൽ ഏതെങ്കിലും കുറച്ച് ഉൽപ്പന്നങ്ങളും സേവനങ്ങളും ഉത്തമ മാതൃകകളായി ഉയർത്തി കാട്ടുന്നു. ബാക്കിയുള്ളവയെല്ലാം അവഗണിക്കപ്പെടുന്നു, പുറന്തള്ളപ്പെടുന്നു. ഉത്തമനായ പുരുഷൻ എന്നാൽ വെളുത്തവനും ഉയരമുള്ളവനും മെലിഞ്ഞവനും പ്രത്യേക ശരീരാകൃതിയിലുള്ളവനുമാണെന്നു വന്നാൽ ഇവയില്ലാത്തവർ അധമരാകുന്നു. ഇത് സ്ത്രീക്കും ബാധകമാണ്. ഉൽപ്പന്നങ്ങൾക്കും ആശയങ്ങൾക്കും സേവനങ്ങൾക്കും ബാധകമാക്കുന്നു. രോഗികളും വികലാംഗരും വൃദ്ധരും അശരണരും പുറത്താക്കപ്പെടുന്നു. നമ്മുടെ സംസ്കാരം എല്ലാത്തിനേയും ഉൾക്കൊള്ളുന്നതാണ്. ഒരേ തരത്തിലും നിറത്തിലും വലുപ്പത്തിലുമുള്ള ആപ്പിളോ തക്കാളിയോ പഴങ്ങളോ മാത്രം മതിയെന്നു പറയുന്നതും ശരിയല്ല. പ്രകൃതി വിരുദ്ധമാണ്. ആഗോളവൽക്കരണത്തിന്റെ വൻ തിരമാല അടിച്ചുയരുമ്പോൾ കടൽത്തീരത്തു നിൽക്കുന്ന നാം ഉറച്ചു നിൽക്കണം. അല്ലെങ്കിൽ ആ തിരമാലയിൽപ്പെട്ട് കടലിൽ ചേരും. നാം നമ്മുടെ മണ്ണിൽ സംസ്കാരത്തിൽ ജീവിതത്തിൽ കാലുറപ്പിച്ചു നിൽക്കാൻ അവർ സൃഷ്ടിക്കുന്ന ജീവിത മാതൃകകളെ വെല്ലുവിളിക്കണം. സ്ത്രീകൾക്ക് ഇക്കാര്യത്തിൽ കൂടിയ പങ്കുണ്ട്, ശേഷിയുണ്ട്. സ്വന്തം നിലപാടുകൾ അവർ അത്ര പെട്ടെന്നു മാറ്റില്ല. (ഇതൊരു ദോഷമായും ചിലപ്പോൾ വരാറുണ്ട്. എങ്കിലും) നമ്മുടെ പ്രധാനമന്ത്രിയും മറ്റും വിദേശത്ത് പോകുമ്പോൾ അന്നാട്ടിലെ വേഷമാണ് ധരിക്കുക. വിദേശികളെപ്പോലെയാണ് പോകുക. അമേരിക്കൻ പ്രസിഡണ്ട് ഇന്നാട്ടിൽ വരുന്നതും അവരുടെ വേഷത്തിൽ തന്നെ. എന്നാൽ (മറ്റെന്ത് അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും) വനിതാ പ്രധാനമന്ത്രിമാരും വിദേശത്തു പോകുമ്പോഴും നമ്മുടെ വേഷം തന്നെ ധരിക്കുന്നു. ഇതുപോലെ പല ഉദാഹരണങ്ങളുമുണ്ട്. പ്രാദേശിക ഉൽപ്പന്നങ്ങൾ പരമാവധി ഉപയോഗിക്കുക, നമ്മുടെ നിലനിൽപ്പിന്നടിസ്ഥാനമായ പരിസ്ഥിതി സംരക്ഷിക്കുക മുതലായവയെല്ലാം സ്ത്രീകളുടെ കടമയാണ്.

*(ഗോവയിലെ അദർ ഇന്ത്യ ബുക്ക്സ്റ്റോർ, തേർഡ് വേൾഡ് നെറ്റ്‌വർക്ക്, ഗോവ ഫൗണ്ടേഷൻ, ഓർഗാനിക് ഫാർമേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവയുടെ പ്രവർത്തകരാണ് അൽവാരിസ് ദമ്പതികൾ)*

**വാർത്തകൾക്കുള്ളിലെ സത്യാന്വേഷണം**



കൃഷി, പരിസ്ഥിതി, ദളിത്, സ്ത്രീനീതി, മനുഷ്യാവകാശം, ഉപഭോക്തൃസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം

**വാർത്തകൾ, കുറിപ്പുകൾ, വിശകലനം**

**കേരളീയം**

**വരിസംഖ്യാനിരക്ക്**
**തപാലിൽ ലഭിക്കാൻ**

12 ലക്കങ്ങൾ
- സ്ഥാപനങ്ങൾക്ക് 250 രൂപ
- വ്യക്തികൾക്ക് 120 രൂപ
- ആജീവാനാന്ത (10 വർഷം) വരിസംഖ്യ 1000 രൂപ
- ട്രസ്റ്റ് അംഗത്വം 5000 രൂപ

**M.O./D.D. അയയ്ക്കുക**

മാനേജർ,
കേരളീയം
തൃശൂർ - 21
ഫോൺ : 0487-2421385
E-mail :
keraleeyamtcr@rediffmail.com

പാരിസ്ഥിതിക വിവേകത്തിനായി
ഒരു മുഖക്കണ്ണാടി

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 0487- 2421385, E-mail : keraleeyamtcr@rediffmail.com